## കേരള സർക്കാർ

നം.ആർ.സി.4/149/2020/തസ്വഭവ

തദ്ദേശ സ്വയം ഭരണ (ആർ.സി)വകുപ്പ്
ഫോൺ നമ്പർ - 0471 2518630
ഇ മെയിൽ - lsgdrc15@gmail.com
തിരുവനന്തപുരം, തീയതി: 15/07/2020.

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ - തദ്ദേശസ്വയംഭരണ വകുപ്പ്- പന്ത്രണ്ടിന പരിപാടി - സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശസർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പൊതു കുളങ്ങൾ മത്സ്യകൃഷി നടത്തുന്നതിനായി പാട്ടത്തിന് നൽകുന്നതിനുള്ള മാർഗ്ഗരേഖ - സംബന്ധിച്ച്.

സൂചന: 1) സ.ഉ.(സാധാ) നം.45/2020/തസ്വഭവ. തീയതി 6/3/2020.
2) സ.ഉ.(കൈ) നം.14/2020/ആ.സ.വ. തീയതി 18/5/2020.
3) സ.ഉ.(സാധാ) നം.1009/2020/തസ്വഭവ. തീയതി 29/5/2020.

*************************

സംസ്ഥാനത്ത് നടപ്പാക്കുന്ന പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി ഭക്ഷ്യോത്പാദന വർദ്ധനവിനുള്ള മഹായജ്ഞം ആരംഭിക്കുന്നതിനായി രൂപീകരിച്ച "സുഭിക്ഷ കേരളം പദ്ധതി" യുടെ മാർഗ്ഗരേഖകളും പദ്ധതി നടത്തിപ്പിനുള്ള വിശദാംശങ്ങളും സൂചനയിലെ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. അതിൻപ്രകാരം കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166 (2), 218 എന്നീ വകുപ്പുകളുടെ പരിധിയിൽ നിന്നു കൊണ്ട് തദ്ദേശസർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ/ജലാശയങ്ങൾ എന്നിവ ഫിഷറീസ് വകുപ്പുമായി ചേർന്ന് മത്സ്യകൃഷി നടത്തുന്നതിനായി പാട്ടത്തിന് നൽകുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) പൊതുകുളങ്ങൾ/ ജലാശയങ്ങളിൽ മത്സ്യകൃഷി നടത്താൻ അനുമതി നൽകുന്നതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട തദ്ദേശ ഭരണ സമിതി തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് ആയിരിക്കും. കുളം auction ചെയ്യുകയോ പാട്ടത്തിനു നല്കുകയോ ചെയ്യാം. അതിനുള്ള വ്യവസ്ഥകളും ഫീസും നിർണയിക്കണം.

2) തിരഞ്ഞെടുക്കപ്പെടുന്ന പൊതുകുളങ്ങൾ മത്സ്യകൃഷിക്ക് യോജിച്ചതാണോ എന്നത് ഉറപ്പ വരുത്താൻ തദ്ദേശ ഭരണ സ്ഥാപനത്തിനെ സഹായിക്കേണ്ടത് ഫിഷറീസ് വകുപ്പിലെ / മത്സ്യഭവനിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമായിരിക്കും.

3) പാട്ടത്തിനു നല്കാൻ തീരുമാനിക്കുകയാണെങ്കിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ താഴെ പറയുന്ന മുൻഗണനാക്രമം സ്വീകരിക്കാവുന്നതാണ്.
എസ്.സി/ എസ്.ടി മത്സ്യത്തൊഴിലാളി സഹകരണ സംഘം,
കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ,
യുവജന സംഘടനകൾ,

കർഷകരുടെ സംഘടനകൾ,

വ്യക്തികൾ

ഒരേ ഗണത്തിൽവരുന്ന ഒന്നിൽ കൂടുതൽ അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ ജലാശയങ്ങൾക്ക് സമീപം സ്ഥിരതാമസക്കാരായ അപേക്ഷകർക്ക് മുൻഗണന നൽകുന്നതാണ് ഉചിതം. ഈ ഗണത്തിലും ഒന്നിൽക്കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ ലോട്ട് (നറുക്ക്) സംവിധാനത്തെ അടിസ്ഥാനപ്പെടുത്തി തിരഞ്ഞെടുപ്പ് നടത്താവുന്നതാണ്.

ഇപ്രകാരം മുൻഗണന ക്രമം നിശ്ചയിക്കുമ്പോൾ അപേക്ഷകർക്ക് മത്സ്യകൃഷിയിലുള്ള പ്രവീണ്യം, മേൽപ്പറഞ്ഞവയിൽ അവർ ഉൾപ്പെടുന്ന വിഭാഗം എന്നിവയ്ക്ക് മുൻതൂക്കം നൽകേണ്ടതാണ്.

4)തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർക്ക് നിർദ്ദിഷ്ട ഫീസ് അടയ്ക്കുന്നതിന് തദ്ദേശ സ്ഥാപന സെക്രട്ടറി നോട്ടീസ് നൽകേണ്ടതാണ്.

5)പൊതു ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് എസ്.സി/ എസ്.ടി മത്സ്യത്തൊഴിലാളികളുടെ സഹകരണ സംഘം, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവർക്ക് വാർഷിക പെർമിറ്റ് സൗജന്യമായോ ഇളവുകൾ സഹിതമോ നൽകാവുന്നതാണ്. ഇപ്രകാരം വാർഷിക പെർമിറ്റ് ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ വകയിരുത്തേണ്ടതാണ്.

6)വാർഷിക പെർമിറ്റ് ഫീസ് ഈടാക്കിയ ശേഷം ഏഴ് ദിവസത്തിനുള്ളിൽ സെക്രട്ടറി അനുമതി നൽകേണ്ടതും ഇതു സംബന്ധിച്ച വിശദാംശങ്ങൾ പ്രത്യേകം രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്.

7)ഇപ്രകാരം മൂന്ന് മുതൽ അഞ്ച് വർഷത്തേക്ക് വരെ അനുമതി നൽകാവുന്നതാണ്. ഈ കാലയളവിൽ വാർഷിക പെർമിറ്റ് ഫീസ് കൃത്യമായി അടക്കേണ്ടതും അല്ലാത്ത പക്ഷം പെർമിറ്റ് റദ്ദാക്കുന്നതുമാണ്.

8)മേൽ കാലയളവിൽ തൃപ്തികരമായി മത്സ്യകൃഷി പൂർത്തിയാക്കുകയും കൃത്യമായി വാർഷിക ഫീസ് അടയ്ക്കുകയും ചെയ്യുന്ന അപേക്ഷകർക്ക് വീണ്ടും അപേക്ഷിക്കാവുന്നതാണ്. എന്നിരിക്കിലും പുതിയ അപേക്ഷകർ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽേകണ്ടതാണ്.

9)ജലസേചനത്തിനായി ഉപയോഗിക്കുന്ന പൊതു ജലാശയങ്ങളിൽ മത്സ്യകൃഷിയ്ക്ക് അനുമതി നൽകുമ്പോൾ മത്സ്യവിത്ത് സംഭരിക്കുന്നതിനും മത്സ്യം വിളവെടുക്കുന്നതിനുള്ള സമയപരിധിയും കൂടി പാട്ടക്കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

10)ഇപ്രകാരം മത്സ്യകൃഷി നടത്തുന്ന പൊതു ജലാശയങ്ങളിൽ സ്ഥിരനിർമ്മിതികൾ അനുവദിക്കുന്നതല്ല. എന്നാൽ, ബണ്ട് ശക്തിപ്പെടുത്തൽ, താൽക്കാലിക ഷട്ടർ, മോട്ടോർ ഷെഡ് തുടങ്ങിയ പ്രവർത്തികൾക്ക്, ആവശ്യമുള്ള പക്ഷം, സെക്രട്ടറിയ്ക്ക് അനുമതി നൽകാവുന്നതാണ്.

11)ഗാർഹിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പൊതു കുളങ്ങളിൽ വളപ്രയോഗം, തീറ്റ എന്നിവ ആവശ്യമില്ലാത്ത "Carp" ഇനത്തിൽപ്പെടുന്ന മത്സ്യം വ്യാപകമായി കൃഷി ചെയ്യാവുന്നതാണ്. ഗാർഹിക ആവശ്യത്തിനല്ലാത്ത കുളങ്ങളിൽ "Nile Tilapia", "Pangassius" മുതലായ ഇനങ്ങൾ മതിയായ ബയോ സെക്യൂരിറ്റി നിബന്ധനകൾ പാലിച്ചുകൊണ്ട് നടത്താവുന്നതാണ്. തൊഴിലുറപ്പ് . പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ചിട്ടുള്ള രണ്ടു മുതൽ അഞ്ചു വരെ സെന്റ് വിസ്തൃതി ഉള്ള ചെറിയ കുളങ്ങൾ "Pangassius" കൃഷിക്കായി ഉപയോഗിക്കാവുന്നതാണ്.

12) പൊതു ജലാശയങ്ങളിലെ മത്സ്യകൃഷിയ്ക്ക് അനുയോജ്യമായ കുളങ്ങൾ തിരഞ്ഞെടുക്കുന്നതു മുതൽ pre - stocking, post – stocking മുതലായവ ഉൾപ്പെടെ വിളവെടുക്കുന്നതു വരെയുള്ള എല്ലാ ഘട്ടത്തിലും ആവശ്യമായ സാങ്കേതിക സഹായങ്ങൾ മത്സ്യവകുപ്പ് ഉദ്യോഗസ്ഥർ മത്സ്യ ഭവനങ്ങൾ വഴി അതത് തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് നൽകേണ്ടതാണ്.

**ശാരദ മുരളീധരൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്ക്.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്.
എല്ലാ അസിസ്റ്റൻറ് ഡെവലപ്മെന്റ് കമ്മീഷണർമാർക്ക് (ജനറൽ).
നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർ / സെക്രട്ടറി
എല്ലാ നഗരസഭാ മേയർമാർ / സെക്രട്ടറി
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
ഡയറക്ടർ, കില.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.കെ.എം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർസി4/149/2020/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

Dannyjelhl

സെക്ഷൻ ഓഫീസർ

പകർപ്പ്. -

തദ്ദേശസ്വയംഭരണം / ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ പി.എസ് -ന്
തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. -ക്ക്.
ഫിഷറീസ് വകുപ്പ് സെക്രട്ടറിയുടെ പി.എ. -ക്ക്.